LIBRARY ARCHIVES Kerala Legislative Assembly

**അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുന്ന ഏജൻസികൾ**

**19 (5151)** ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള ഏജൻസികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(സി) അടിസ്ഥാന സൗകര്യങ്ങൾ എപ്പോൾ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ, എസ്.എസ്.എ. സ്കൂൾ മാനേജുമെന്റ് എന്നിവയുടെ ഫണ്ട് എന്നിങ്ങനെ വിവിധ സ്രോതസ്സുകളുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ടോയ്ലറ്റ് സൗകര്യം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ വർഷാരംഭത്തിൽ തന്നെ എല്ലാ സ്കൂളുകളിലും കക്കൂസ്, മൂത്രപ്പുര എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുവാനും ജലലഭ്യത ഉറപ്പുവരുത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലകളിലേയും ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ, മാനേജുമെന്റ് പ്രതിനിധികൾ എന്നിവരുമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തിയ മീറ്റിംഗിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**ഉച്ചഭക്ഷണത്തിന്റെ വിപുലീകരണം**

**20 (5152)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിൽ കൂടുതൽ കറികൾ ഉൾപ്പെടുത്തി വിപുലീകരിക്കുന്ന നടപടി എത്രത്തോളമായെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ സഹായം ലഭിച്ചിട്ടുണ്ടോ ;

(സി) ഈ പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിന്റെ പ്രയോജനം എത്ര കുട്ടികൾക്കാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉച്ചഭക്ഷണ പരിപാടി വിപുലീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. അന്തിമമായി തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഉച്ചഭക്ഷണ പദ്ധതിക്കായി 17808.95 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഏകദേശം 29 ലക്ഷം കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

**കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളഭാഷ നിർബന്ധമാക്കാൻ നടപടി**

21 (5153) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാള ഭാഷ നിർബന്ധമാക്കാൻ സംസ്ഥാന സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) അൺഎയിഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി.നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) വയനാട് ജില്ലയിൽ അംഗീകൃതവും അനംഗീകൃതവുമായ എത്ര അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് പേര് സഹിതം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്കൂളുകളിലെ ആകെ കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച് ലഭ്യമാക്കുമോ ;

(ഇ) ജില്ലയിലെ സർക്കാർ-എയിഡഡ് സ്കൂളുകൾക്ക് സമീപത്തായി എത്ര അൺഎയ്ഡഡ് അൺറെക്കഗ്നൈസ്ഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(എഫ്) ഇത്തരം സ്ഥാപനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സർക്കാർ കൺസെഷനുകളും മറ്റ് സഹായങ്ങളും ലഭ്യമാക്കുന്നുണ്ടോ ;

(ജി) ഇത്തരം സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി, തൊഴിൽ നികുതി, സെയിൽസ് ടാക്സ് എന്നിവയിൽ ഇളവുകൾ നൽകാറുണ്ടോ ;

(എച്ച്) ഇത്തരം സ്ഥാപനങ്ങളുടെ മേൽ സംസ്ഥാന സർക്കാരിനുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളിലെ പാഠ്യ പദ്ധതിയിൽ മലയാളഭാഷ കൂടി ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നടപടി കൈക്കൊള്ളേണ്ടത്.

(ബി) അൺ എയിഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly